| 27-06-2022 | പ്രഭാത മുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, ഈ ശരീമാകുന്ന രഥത്തിലിരിക്കുന്നത് ആത്മാവാകുന്ന യാത്ര ക്കാരനാണ്, യാത്രക്കാരനാണെന്ന് മനസ്സിലാക്കി കർമ്മം ചെയ്യൂ എങ്കിൽ ദേഹാഭി മാനം ഇല്ലാതെയാകും.**

**ചോദ്യം:-** ബാബയുടെ സംസാര രീതി മനുഷ്യരുടെ സംസാര രീതിയിൽ നിന്നും തികച്ചും വ്യത്യസ്ഥമാണ്, എങ്ങിനെ?

**ഉത്തരം:-** ബാബ ഈ രഥത്തിൽ യാത്രക്കാരനായിരുന്ന് സംസാരിക്കുകയാണ്, ആത്മാക്കളോട് തന്നെയാണ് സംസാരിക്കുന്നത്. ശരീരത്തെ നോക്കുന്നില്ല. മനുഷ്യർ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുന്നുമില്ല, മാത്രമല്ല ആത്മാക്കളോടല്ല സംസാരിക്കുന്നത്. നിങ്ങൾ കുട്ടികൾക്ക് ഈ അഭ്യാസം ചെയ്യണം. ഏതെങ്കിലും ആകാരി സാകാരി ചിത്രങ്ങളെപ്പോലും കണ്ടിട്ടും കാണരുത്. ആത്മാവിനെ കാണൂ, ഒരു വിദേഹിയായ ബാബയെ ഓർമ്മിക്കൂ.

**ഗീതം:-** അങ്ങ് തന്നെയാണ് മാതാവും പിതാവും....

**ഓം ശാന്തി**. കുട്ടികൾക്ക് ഓം ശാന്തിയുടെ അർത്ഥം മനസ്സിലാക്കിത്തന്നിട്ടുണ്ട്. ഓരോ കാര്യവും സഹജമാണ്. സഹജമായി രാജപദവി പ്രാപ്തമാക്കുന്നു, എവിടേയ്ക്കുവേണ്ടി? സത്യയുഗത്തിലേയ്ക്ക്. അതിനെ ജീവൻമുക്തിയെന്നു പറയപ്പെടുന്നു. അവിടെ രാവണന്റെ ഈ ഭൂതങ്ങളില്ല. ആർക്കെങ്കിലും ക്രോധം വരികയാണെങ്കിൽ പറയാറുണ്ട് നിങ്ങളിൽ ഈ ഭൂതമുണ്ട്. യോഗത്തിന്റെ അർത്ഥമാണ് - സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി പരമാത്മാവിനെ ഓർമ്മിക്കുക. ഞാൻ ആത്മാവാണ്, ഇത് എന്റെ ശരീരമാണ്. ഓരോരുത്തരുടേയും ശരീരമാകുന്ന രഥത്തിൽ ആത്മാകുന്ന യാത്രക്കാരൻ ഇരിക്കുന്നു. ആത്മാവിന്റെ ശക്തികൊണ്ടാണ് ഈ രഥം ഓടുന്നത്. ആത്മാവിന് ഇടക്കിടെ ഈ ശരീരം എടുക്കേണ്ടിയും ഉപേക്ഷിക്കേണ്ടിയും വരുന്നു. കുട്ടികൾക്കറിയാം ഭാരതം ഇപ്പോൾ ദുഃഖധാമമാണ്, കുറച്ചു കാലം മുൻപ് സുഖധാമമായിരുന്നു. സർവ്വശക്തമായ ഗവൺമെന്റായിരുന്നു കാരണം സർവ്വശക്തിമാനായ അധികാരി ഭാരതത്തിൽ ദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്തിരുന്നു. അവിടെ ഒരേയൊരു ധർമ്മമാണുണ്ടായിരുന്നത്. കൃത്യമായി അയ്യായിരം വർഷം മുൻപ് അവിടെ ലക്ഷ്മീ-നാരായണന്റെ രാജ്യമായിരുന്നു. ആ രാജ്യം സ്ഥാപന ചെയ്തത് തീർച്ചയായും ബാബയാകും. ബാബയിൽ നിന്ന് അവർക്ക് സമ്പത്ത് ലഭിച്ചിരിക്കും. അവരുടെ ആത്മാക്കൾ 84 ജന്മങ്ങളുടെ ചക്രം കറങ്ങിയിട്ടുണ്ട്. ഭാരതവാസികൾ തന്നെയാണ് ഈ ധർമ്മങ്ങളിൽ വരുന്നത്. ശൂദ്ര ധർമ്മത്തിനു ശേഷം സർവ്വോത്തമ ബ്രാഹ്മണ ധർമ്മം വരുന്നു. ബ്രാഹ്മണ ധർമ്മം അർത്ഥം ബ്രഹ്മാവിന്റെ മുഖ വംശാവലികൾ. അവർ ശരീരവംശാവലികളാണ്. അവർക്കിങ്ങനെ പറയാൻ കഴിയുകയില്ല നാം മുഖവംശാവലികളാണെന്ന്. പ്രജാപിതാ ബ്രഹ്മാവിന്റേത് തീർച്ചയായും ദത്തെടുക്കപ്പെട്ട കുട്ടികളായിരിക്കും. കുട്ടികൾക്കറിയാം ഈ ഭാരതം പുജ്യനീയമായിരുന്നു, ഇപ്പോൾ പൂജാരിയായിരിക്കുകയാണ്. ബാബ സദാ പൂജ്യനാണ്, തീർച്ചയായും വരുന്നുണ്ട്, പതിതരെ പാവനമാക്കാൻ. സത്യയുഗം പാവനമായ ലോകമാണ്. സത്യയുഗത്തിൽ പതിത-പാവനി ഗംഗാ എന്ന പേരുപോലുമുണ്ടാകുകയില്ല എന്തുകൊണ്ടന്നാൽ ആ ലോകം തന്നെ പാവനമാണ്. എല്ലാവരും പുണ്യാത്മാക്കളാണ്, ഒരു പാപാത്മാവുപോലുമുണ്ടാകുകയില്ല. കലിയുഗത്തിലാണെങ്കിൽ ഒരു പുണ്യാത്മാവുപോലുമുണ്ടാകുകയില്ല. എല്ലാവരും പാപാത്മാക്കളാണ്. പുണ്യാത്മാക്കളെന്നു പറയുന്നത് പവിത്രമായവരെയാണ്. ഭാരതത്തിൽ തന്നെയാണ് വളരെ ദാനപുണ്യങ്ങൾ ചെയ്യുന്നത്. ഈ സമയത്ത് ബാബ വരുമ്പോൾ ബാബയിൽ ബലിയർപ്പിക്കുന്നു. സന്യാസിമാരാണെങ്കിൽ വീടും കുടിയും വിട്ടുപോകുകയാണ്. ഇവിടെയാണെങ്കിൽ പറയുകയാണ് ബാബാ, ഇതെല്ലാം അങ്ങയുടേതാണ്. അങ്ങ് സത്യയുഗത്തിൽ അളവറ്റ ധനം നൽകിയിരുന്നു, പിന്നീട് മായ ഞങ്ങളെ കക്കയ്ക്കു സമാനമാക്കി. ഇപ്പോൾ ഈ ആത്മാവും പതിതമായിരിക്കുകയാണ്. ശരീരം-മനസ്സ്-ധനം എല്ലാം പതിതമാണ്. ആത്മാവ് ആദ്യമാദ്യം പവിത്രമായിരുന്നു, പിന്നീട് ചക്രം കറങ്ങി അവസാനം തമോപ്രധാന ആഭരണമായിമാറി. പാർട്ടുകളഭിനയിച്ചഭിനയിച്ച് പതിതമായി മാറിയിരിക്കുകയാണ്. *ഗോൾഡൻ, സിൽവർ* . . . ഈ സ്റ്റേജുകളിലൂടെ മനുഷ്യർക്ക് കടന്നുപോകുക തന്നെ വേണം. പറയാറുണ്ട് - അങ്ങ് തന്നെയാണ് മാതാവു പിതാവും.... ലക്ഷ്മീ-നാരായണന്റെ മുന്നിൽപ്പോലും ഈ മഹിമ പാടുന്നു. എന്നാൽ അവർക്കാണെങ്കിൽ അവരുടെ ഒരാൺകുട്ടിയും ഒരു പെൺകുട്ടിയുമാണുള്ളത്. രാജാവിനും റാണിക്കും ഏതുപോലെ സുഖമുണ്ടോ അതേപോലെ കുട്ടികൾക്കുമുണ്ടായിരിക്കും. സർവ്വർക്കും അളവറ്റ സുഖമാണ്. ഇപ്പോളാണെങ്കിൽ 84-ാമത്തെ അന്തിമ ജന്മത്തിൽ അളവറ്റ ദുഃഖമാണ്. ബാബ പറയുകയാണ് ഇപ്പോൾ ഞാൻ വീണ്ടും രാജയോഗം പഠിപ്പിക്കുകയാണ്. കുട്ടികൾക്ക് പറഞ്ഞുകൊടുത്തി

ട്ടുണ്ട് ഈ രഥത്തിൽ ആത്മാവാകുന്ന യാത്രക്കാരനിരിക്കുകയാണ്. ഈ യാത്രക്കാരൻ ആദ്യം 16 കലാസമ്പൂർണ്ണനായിരുന്നു. ഇപ്പോൾ യാതൊരു കലയുമില്ല. പറയുന്നുമുണ്ട് എന്നിൽ യാതൊരു ഗുണവുമില്ല. അങ്ങുതന്നെ കരുണ ചെയ്യണം, അതായത് ദയവു ചെയ്യണം. ആരിലും ഗുണങ്ങളില്ല. പതിതരാണ്, അതുകൊണ്ടാണ് പാപത്തെ കഴുകിക്കളയുന്നതിന് ഗംഗയിൽ പോകുന്നത്. സത്യയുഗത്തിൽ പോകുന്നില്ല. നദി അതുതന്നെയാണല്ലോ. ബാക്കി, ശരിയാണ് ഇങ്ങിനെ പറയും ആ സമയം സർവ്വതും സതോപ്രധാനമാണ്. സത്യയുഗത്തിൽ നദികളും വളരെ സ്വച്ഛമായിരിക്കും. നദികളിൽ അഴുക്കുകളൊന്നുമുണ്ടാകുകയില്ല. ഇവിടെയാണെങ്കിൽ അഴുക്കുകൾ വീണുകൊണ്ടേയിരിക്കുന്നു. എല്ലാ അഴുക്കുകളും സാഗരത്തിൽ പോകുന്നു. സത്യയുഗത്തിൽ ഇങ്ങിനെയുണ്ടാകുകയില്ല. ആരും അപവിത്രമാകുന്ന നിയമമേയില്ല. എല്ലാ വസ്തുക്കളും പവിത്രമായിരിക്കുന്നു. ബാബ പറയുകയാണ് ഇപ്പോൾ എല്ലാവരുടെയും അന്തിമജന്മമാണ്. നാടകം പൂർത്തിയാകുകയാണ്. ഈ കളിയുടെ പരിധിതന്നെ അയ്യായിരം വർഷമാണ്. ഇത് നിരാകാരനായ ശിവബാബയാണ് മനസ്സിലാക്കിത്തരുന്നത്. ബാബ നിരാകാരനാണ്, ഉയർന്നതിലും ഉയർന്ന പരംധാമിൽ വസിക്കുന്നവൻ, നമ്മൾ ആത്മാക്കളും പരംധാമിൽ നിന്നാണ് ഇവിടെ വരുന്നത്. ഇപ്പോൾ കലിയുഗ അന്ത്യത്തിൽ ഡ്രാമ പൂർത്തിയായി വീണ്ടും സൃഷ്ടി ആവർത്തിക്കപ്പെടുന്നു. മനുഷ്യർ പഠിക്കുന്ന ഗീത, പുരാണങ്ങൾ മുതലായ ഉണ്ടാക്കപ്പെട്ടത് ദ്വാപരയുഗത്തിലാണ്. ഈ ജ്ഞാനം പ്രായലോപമായിപ്പോകുന്നു. രാജയോഗം ആർക്കും പഠിപ്പിക്കാൻ കഴിയുകയില്ല, കേവലം അവരുടെ ഓർമ്മക്കു വേണ്ടി പുസ്തകങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അവർ സ്വയം ധർമ്മം സ്ഥാപന ചെയ്ത് പുനർജ്ജന്മത്തിൽ വരാൻ തുടങ്ങി. അവരുടെ ഓർമ്മ ചിഹ്ന പുസ്തകങ്ങളുണ്ടാകാൻ തുടങ്ങി. ദേവീ-ദേവതാ ധർമ്മത്തിന്റെ സ്ഥാപന നടക്കുന്നത് സംഗമയുഗത്തിലാണ്. ബാബ വന്ന് ഈ രഥത്തിൽ ഉപവിഷ്ടനാകുകയാണ്. കുതിരവണ്ടിയുടെ കാര്യമൊന്നുമില്ല. ഈ സാധാരണ വൃദ്ധ ശരീരത്തിൽ പ്രവേശിക്കുന്നു. ബാബ യാത്രക്കാരനാണ്. പാടപ്പെട്ടിട്ടുമുണ്ട് ബ്രഹ്മാമുഖ വംശാവലി ബ്രഹ്മാകുമാർ ബ്രഹ്മാകുരിമാരാണെന്ന്. ഈ ബ്രഹ്മാവും കൂടെ ദത്തെടുക്കപ്പെട്ടിരിക്കുകയാണ്. ബാബ സ്വയം പറയുകയാണ് ഞാൻ ഈ രഥത്തിൽ വന്ന് യാത്രക്കാരനാകുകയാണ്, ഇദ്ദേഹത്തിന് ജ്ഞാനം നൽകുന്നു. തുടക്കം ഇദ്ദേഹത്തിൽ നിന്നാണ് കുറിക്കപ്പെടുന്നത്. കലശം മാതാക്കൾക്ക് നൽകുന്നു. ഇദ്ദേഹവും (ബ്രഹ്മാവ്) മാതാവുതന്നെയാണ്. ആദ്യമാദ്യം ഇദ്ദേഹമാണ് കേൾക്കുന്നത് പിന്നീട് നിങ്ങൾ. ഇദ്ദേഹത്തിൽ ഇരിക്കുകയാണ്, എന്നാൽ മുന്നിൽ ആരെക്കേൾപ്പിക്കും. ആത്മാക്കളോടാണ് സംസാരിക്കുന്നത്, ഇങ്ങിനെ ഒരു വിദ്വാനും മറ്റും ഉണ്ടാകുകയില്ല, ആത്മാക്കളോട് സംസാരിക്കാൻ. ഞാൻ നിങ്ങളുടെ അച്ഛനാണ്. നിങ്ങൾ ആത്മാക്കൾ നിരാകാരരാണ്, ഞാനും നിരാകാരനാണ്. ഞാൻ ജ്ഞാന സാഗരൻ സ്വർഗ്ഗത്തിന്റെ രചയിതാവാണ്. നിങ്ങൾ ഭാരതവാസികൾ സ്വർഗ്ഗവാസികളായിരുന്നു. ഇപ്പോൾ നരകവാസികളായിരിക്കുകയാണ്. നരകവാസിയാക്കി മാറ്റിയത് രാവണനാണ്, എന്തുകൊണ്ടെന്നാൽ ആത്മാക്കൾ രാവണ മതപ്രകാരം നടക്കുകയാണ്. ഈ സമയത്ത് നിങ്ങൾ ആത്മാക്കൾ രാമൻ ശിവബാബയുടെ ശ്രേഷ്ഠ മതപ്രകാരം നടക്കുന്നു. ബാബ മനസ്സിലാക്കിത്തരികയാണ് ഇപ്പോൾ എല്ലാവരുടേയും പാർട്ട് പൂർത്തിയായി. എപ്പോൾ എല്ലാ ആത്മാക്കളും ഒന്നിച്ചുചേരും, മുകളിൽ നിന്ന് എല്ലാവരും എത്തിച്ചേരും, അപ്പോൾ മടക്കയാത്രയും തുടങ്ങും. ഭാരതത്തിൽ ഇപ്പോൾ അനേക ധർമ്മങ്ങളുണ്ട്, ഒരു ദേവീ-ദേവതാ ധർമ്മം മാത്രമില്ല. ആരും സ്വയത്തെ ദേവതയെന്നു പറയുന്നില്ല. ദേവതകളുടെ മഹിമ പാടുന്നു, സർവ്വഗുണ സമ്പന്നൻ.... സ്വയത്തെ പാപി, നീചനെന്നും പറയും. ദ്വാപരം മുതൽക്കാണ് രാവണ രാജ്യം തുടങ്ങുന്നത്. രാമരാജ്യം ബ്രഹ്മാവിന്റെ പകലും രാവണ രാജ്യം ബ്രഹ്മാവിന്റെ രാത്രിയുമാണ്. അങ്ങനെയെങ്കിൽ, ബാബ എപ്പോൾ വരണം? എപ്പോഴാണോ ബ്രഹ്മാവിന്റെ രാത്രി പൂർത്തിയാകുന്നത് അപ്പോഴാണല്ലോ വരേണ്ടത്. മാത്രമല്ല, ഈ ശരീരത്തിൽ വന്നാൽ മാത്രമല്ലേ ബ്രഹ്മാമുഖ വംശാവലികളുണ്ടാകുകയുള്ളൂ. ആ ബ്രാഹ്മണരെയാണ് രാജയോഗം പഠിപ്പിക്കുന്നത്. ബാബ പറയുകയാണ് ഏതെല്ലാം ആകാരി, സാകാരി അല്ലെങ്കിൽ നിരാകാരി ചിത്രങ്ങളുണ്ടോ അതിനെയൊന്നും നിങ്ങൾക്ക് ഓർമ്മിക്കേണ്ടതില്ല. നിങ്ങൾക്ക് ലക്ഷ്യം നൽകിയിരിക്കുകയാണ്. മനുഷ്യരാണെങ്കിൽ ചിത്രങ്ങൾ നോക്കി ഓർമ്മിക്കുകയാണ്. ബാബ പറയുകയാണ് ചിത്രങ്ങളെ നോക്കുന്നത് ഇപ്പോൾ അവസാനിപ്പിക്കൂ, ഇത് ഭക്തിമാർഗ്ഗമാണ്. ഇപ്പോൾ നിങ്ങൾ ആത്മാക്കൾക്ക് എന്റെ കൂടെ തിരികെപ്പോകണം. പാപഭാരം തലയിലുണ്ട്, പാപാത്മാവായി മാറുകതന്നെ വേണം. ഗർഭജയിലിൽ എല്ലാ പാപങ്ങളും അവസാനിക്കുന്നില്ല. കുറച്ചെല്ലാം അവസാനിക്കുന്നു, കുറച്ചൊക്കെ ബാക്കിയാകുന്നു. ഇപ്പോൾ ഞാൻ വഴികാട്ടിയായി വന്നിരിക്കുകയാണ്. ഈ സമയം സർവ്വ ആത്മാക്കളും മായാരാവണന്റെ മതപ്രകാരമാണ് നടക്കുന്നത്. ബാബ പറയുകയാണ് ഞാൻ പതിത പാവനൻ സ്വർഗ്ഗത്തിന്റെ രചയിതാവാണ്. എന്റെ ജോലി തന്നെ നരകത്തെ സ്വർഗ്ഗമാക്കി മാറ്റുക എന്നതാണ്. സ്വർഗ്ഗത്തിൽ ഒരേയൊരു ധർമ്മം, ഒരേയൊരു രാജാവ് മാത്രമാണുണ്ടാകുക. അവിടെ ഒരു വിഭജനമൊന്നുമുണ്ടാകുകയില്ല. ബാബ പറയുകയാണ് ഞാൻ വിശ്വത്തിന്റെ അധികാരിയായി മാറുന്നില്ല, നിങ്ങളെ ആക്കുകയാണ്. പിന്നെ രാവണൻ വന്ന് നിങ്ങളിൽ നിന്ന് രാജ്യം പിടിച്ചെടുക്കുന്നു. ഇപ്പോൾ എല്ലാവരും തമോപ്രധാന, കല്ലുബു

ദ്ധികളാണ്. സംഗമയുഗത്തിൽ നിങ്ങൾ പവിഴബുദ്ധികളായി മാറുന്നു. ബാബ പറയുകയാണ് എന്നെ മാത്രം ഓർമ്മിക്കൂ, ബുദ്ധിയോഗം മുകളിൽ തൂക്കിയിടൂ. എവിടേക്കാണോ പോകേണ്ടത് അതിനെത്തന്നെ ഓർമ്മിക്കണം. ഒരു ബാബ, വേറെ ആരും തന്നെയില്ല. ബാബ തന്നെയാണ് സത്യമായ ബാദുഷാ, സത്യം കേൾപ്പിക്കുന്നവൻ. അതുകൊണ്ട് ഒരു ചിത്രത്തേയും ഓർമ്മിക്കരുത്. ഈ ശിവന്റെ ചിത്രത്തേയും ബുദ്ധിയിൽ വെക്കരുത്, എന്തുകൊണ്ടെന്നാൽ ശിവൻ അങ്ങിനെയല്ല. ഏതുപോലെ നാം ആത്മാക്കൾ ഭ്രുകുടി മദ്ധ്യത്തിൽ ഇരിക്കുന്നു, ബാബ പറയുകയാണ് ഞാനും അതുപോലെ അല്പം സ്ഥലമെടുത്ത് ഈ ആത്മാവിന്റെ അരികെയിരിക്കുന്നു. രഥത്തിലിരുന്ന് ഇദ്ദേഹത്തിന് ജ്ഞാനം നൽകുകയാണ്. ഇദ്ദേഹത്തിന്റെ ആത്മാവിലും ജ്ഞാനമില്ലായിരുന്നു. ഏതുപോലെ ഇദ്ദേഹത്തിന്റെ ആത്മാവ് രഥിയായിരുന്ന് ശരീരത്തിലൂടെ സംസാരിക്കുന്നുവോ, അതേപോലെ ഞാനും ഈ അവയവങ്ങളിലൂടെ സംസാരിക്കുന്നു. അല്ലെങ്കിൽ പിന്നെ എങ്ങിനെ മനസ്സിലാക്കിത്തരും. ബ്രാഹ്മണരെ രചിക്കുന്നതിന് ബ്രഹ്മാവ് തീർച്ചയായും വേണം. ഈ ബ്രഹ്മാവു തന്നെയാണ് പിന്നെ നാരായണനായി മാറുന്നത്. ഇപ്പോൾ നിങ്ങൾ ബ്രഹ്മാവിന്റെ മക്കൾ, പിന്നീട് സൂര്യവംശി നാരായണന്റെ കുടുംബത്തിൽ വരും. ഇപ്പോൾ തികച്ചും ദരിദ്രരായി മാറിയിരിക്കുകയാണ്. അന്യോന്യം വഴക്കടിച്ചുകൊണ്ടേയിരിക്കുന്നു. വാനരന്മാരെക്കാളും മോശമായിരിക്കുകയാണ്. വാനരന്മാരിൽ 5 വികാരങ്ങൾ വളരെ കടുത്തതാണ്. കാമം, ക്രോധം.... എല്ലാ വികാരങ്ങളും വാനരന്മാരിലുണ്ട്, ചോദിക്കേണ്ട കാര്യമേയില്ല. കുട്ടികൾ മരിച്ചാലും കുട്ടിയുടെ അസ്ഥിയെപ്പോലും വിടുകയില്ല. മനുഷ്യരും ഇപ്പോൾ അങ്ങിനെയായിരിക്കുകയാണ്. കുട്ടി മരിച്ചാൽ 6– 8 മാസം കരഞ്ഞുകൊണ്ടേയിരിക്കും. സത്യയുഗത്തിൽ അകാല മൃത്യു ഉണ്ടാകുകയില്ല. ആരും കരയുകയുമില്ല. അവിടെ ഒരു ചെകുത്താനുമില്ല.

ബാബ ഈ സമയം നിങ്ങൾ കുട്ടികളോട് സംസാരിച്ചുകൊണ്ടിരിക്കുകയാണ്. വീടും കുടുംബവും സംരക്ഷിച്ചോളൂ. അതിൽ ഇരുന്നു കൊണ്ടും സന്യാസിമാർക്കും ചെയ്യാൻ കഴിയാത്ത രീതിയിലുള്ള അത്ഭുതം ചെയ്തു കാണിക്കൂ. ഈ സതോപ്രധാന സന്യാസം പരമാത്മാവാണ് പഠിപ്പിക്കുന്നത്. പറയുകയാണ് ഈ പഴയ ലോകം ഇപ്പോൾ അവസാനിക്കാൻ പോകുകയാണ് അതുകൊണ്ട് ഇതിനോട് യാതൊരു മമത്വവും വെക്കരുത്. എല്ലാവർക്കും തിരിച്ചു പോകണം. ദേഹ സഹിതം ഏതെല്ലാം പഴയ വസ്തുക്കളാണോ ഉള്ളത്, അതിനെ മറക്കൂ. 5 വികാരങ്ങൾ എനിക്ക് നൽകൂ. അപവിത്രമായി മാറുകയാണെങ്കിൽ പവിത്രമായ ലോകത്തിൽ വരാൻ കഴിയുകയില്ല. ബാബയോട് പ്രതിജ്ഞ ചെയ്യൂ ഈ അന്തിമ ജന്മത്തേക്ക്. അങ്ങിനെയാണെങ്കിൽ പവിത്രമായിരിക്കാൻ കഴിയും. 63 ജന്മം വിഷത്തിൽ മുങ്ങിക്കുളിച്ചു, വളരെ അഴുക്കു പിടിച്ചതായി മാറി. തന്റെ ധർമ്മത്തെപ്പോലും മറന്നു. ഹിന്ദു ധർമ്മമാണെന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ബാബ പറയുകയാണ് ഭാരതം സ്വർഗ്ഗമായിരുന്നുവെന്ന് എന്തുകൊണ്ട് മനസ്സിലാക്കുന്നില്ല, നാം തന്നെയായിരുന്നു ദേവതകൾ. ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിച്ചു. നിങ്ങൾ പിന്നെ പറയുകയാണ് കൃഷ്ണനാണ് പഠിപ്പിച്ചതെന്ന്. എന്താ കൃഷ്ണൻ എല്ലാവരുടേയും അച്ഛനും സ്വർഗ്ഗത്തിന്റെ രചയിതാവുമാണോ? ബാബയാണെങ്കിൽ നിരാകാരനും സർവ്വ ആത്മാക്കളുടേയും പിതാവുമാണ്. ബാബയെ പറയുകയാണ് – സർവ്വ വ്യാപിയാണെന്ന്. ശിവനേയും ശങ്കരനേയും കൂട്ടിച്ചേർക്കുന്നു. ശിവനാണെങ്കിൽ പരമാത്മാവാണ്. പരമാത്മാവ് പറയുകയാണ് ഞാൻ വരുന്നതുന്നെ ദേവീ–ദേവതാ ധർമ്മം സ്ഥാപന ചെയ്യാനാണ്. എന്താണോ ഇപ്പോൾ സ്ഥാപന ചെയ്യുന്നത് അതിൽ വിഷ്ണുവിന്റെ രണ്ടു രൂപങ്ങൾ ലക്ഷ്മീ–നാരായണൻ, രാജ്യം ഭരിക്കും. വിഷ്ണുവിൽ നിന്നാണ് വൈഷ്ണവൻ എന്ന അക്ഷരം വന്നിരിക്കുന്നത്.

ഇപ്പോൾ എല്ലാവരും പാപാത്മാക്കളാണ്. അവിടെ ഈ കാമകഠാരി കൊണ്ട് അന്യോന്യം വധിക്കുന്നില്ല. സത്യമായ ഖണ്ഡം സ്ഥാപിക്കുന്നത് ഒരേയൊരു സത്ഗുരുവാണ്. ബാക്കിയെല്ലാവരും മുക്കുന്നവരാണ്, സംഗമയുഗവും സ്വർഗ്ഗവും അന്യോന്യം അടുത്തായതുകാരണം നരകത്തിലെ കാര്യങ്ങൾ സ്വർഗ്ഗത്തിലേയ്ക്ക് കൊണ്ടുപോയിരിക്കുകയാണ്. വാസ്തവത്തിൽ കംസൻ, രാവണൻ മുതലായവരെല്ലാം ഇപ്പോളാണുള്ളത്. അവിടെ ഇതൊന്നുമുണ്ടാകുകയില്ല. അതുകൊണ്ട് രഥത്തിൽ രഥിയെ കാണിക്കുന്നു– വാസ്തവത്തിൽ രഥം ഇതാണ്, ആരെയാണോ നന്ദീഗണം, ഭഗീരഥൻ എന്നെല്ലാം പറയുന്നത്. നിങ്ങളെല്ലാവരും അർജ്ജുനന്മാരാണ്, നിങ്ങളോടു പറയുകയാണ് ഞാൻ ഈ രഥത്തിൽ വന്നിരിക്കുകയാണ്, യുദ്ധക്കളത്തിൽ നിങ്ങൾക്ക് മായാ രാവണനുമേൽ വിജയം പ്രാപ്തമാക്കിത്തരുന്നതിന്. സത്യയുഗത്തിൽ രാവണനുമില്ല, കത്തിക്കലുമില്ല. ഏതുവരെ വിനാശം നടക്കുന്നില്ലയോ രാവണനെ കത്തിച്ചുകൊണ്ടേയിരിക്കും . എത്ര തന്നെ ആപത്തുകൾ വന്നാലും, ദസറക്ക് രാവണനെ കത്തിക്കുക തന്നെ ചെയ്യും. അങ്ങനെ, അവസാനം ഈ രാവണ സമ്പ്രദായം അവസാനിക്കും. സദ്ഗതി ദാതാവ് ഒരേയൊരു ബാബ മാത്രമാണ്. ഒരു മനുഷ്യന് വേറൊരു മനുഷ്യന്റെ സദ്ഗതി ചെയ്യുവാൻ കഴിയുകയില്ല. ഈ ദേവതകളുടെ രാജ്യമുണ്ടായിരുന്നപ്പോൾ മുഴുവൻ വിശ്വത്തിലും ഇവരുടെ രാജ്യമായിരുന്നു വേറൊരു ധർമ്മവുമുണ്ടായിരു

ന്നില്ല. ഇപ്പോൾ മറ്റെല്ലാ ധർമ്മങ്ങളുമുണ്ട്, പക്ഷെ ദേവതാ ധർമ്മമില്ല. അതിന്റെ സ്ഥാപന ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ദേവതാ ധർമ്മത്തിൽപ്പെട്ടവർ മാത്രമേ ശൂദ്രനിൽ നിന്ന് ബ്രാഹ്മണനായി മാറുകയുള്ളൂ. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യ സാരം:-**

1) സതോപ്രധാന സന്യാസം ചെയ്യണം. ഈ പഴയ ലോകത്തിൽ ഇരുന്നുകൊണ്ടും ഇതിനോടുള്ള മമത്വത്തെയില്ലാതാക്കണം. ദേഹ സഹിതം ഏതെല്ലാം പഴയ വസ്തുക്കളുണ്ടോ അതിനെയെല്ലാം മറക്കണം.

2) തന്റെ ബുദ്ധിയോഗം മുകളിൽ കെട്ടിയിടണം. ഒരു ചിത്രത്തേയോ ദേഹധാരിയേയോ ഓർമ്മിക്കരുത്. ഒരു ബാബയുടെ മാത്രം ഓർമ്മയുണ്ടായിരിക്കണം.

**വരദാനം:- പരമാത്മാ ശ്രീമതത്തിന്റെ ആധാരത്തിൽ ഓരോ ചുവടും എടുക്കുന്ന അവിനാശീ സമ്പത്തിന്റെ അധികാരിയായി ഭവിക്കൂ**

സംഗമയുഗത്തിൽ താങ്കൾ ശ്രേഷ്ഠ ഭാഗ്യവാൻ ആത്മാക്കൾക്ക് ഏതൊരു പരമാത്മാ ശ്രീമതമാണോ ലഭിച്ചുകൊണ്ടിരിക്കുന്നത് - ഈ ശ്രീമതം തന്നെയാണ് ശ്രേഷ്ഠമായ പാലന. ശ്രീമതം കൂടാതെ അർത്ഥം പരമാത്മാ പാലനയുടെ ഒരു ചുവടുപോലും എടുക്കാൻ സാധിക്കില്ല. ഇങ്ങനെയുള്ള പാലന സത്യയുഗത്തിൽ പോലും ലഭിക്കുകയില്ല. ഇപ്പോൾ പ്രത്യക്ഷ അനുഭവത്തോടെ പറയുന്നു നമ്മുടെ പാലകൻ സ്വയം ഭഗവാനാണ്. ഈ ലഹരി സദാ ഉണർന്നിരിക്കുകയാണെങ്കിൽ അളവില്ലാത്ത ഖജനാക്കളാൽ സമ്പന്നമായി അവിനാശീ സമ്പത്തിന് അധികാരിയാണെന്ന അനുഭവം ചെയ്യും.

**സ്ലോഗൻ:- സത്പുത്രർ അവരാണ് ആരാണോ സമ്പൂർണ്ണ പവിത്രവും യോഗിയുമായി സ്നേഹത്തിന്റെ റിട്ടേൺ നൽകുന്നത്.**